File No.TRANS-C1/105/2018-TRANS

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം - പരിഷ്ക്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട ഭേദഗതി- അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഗതാഗത (സി) വകുപ്പ്

**സ.ഉ.(കൈ) നം.25/2019/ഗതാഗതം** തീയതി,തിരുവനന്തപുരം, 07/05/2019

---

പരാമർശം:- 1 സ.ഉ (പി)നം.3/2017/ഉ.ഭ.പ.വ. തീയതി 25/02/2017

2 24/8/2012-ലെ നം.8/12, 3/7/13 ലെ നം.17/2013, 4/2/17 ലെ നം.03/17, 23/5/17 ലെ നം.12/2017 ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലറുകൾ

3 സ.ഉ (എം.എസ്) നം.79/2017/ഗതാ. തീയതി 10/10/2017

4 സ.ഉ (എം.എസ്) നം.59/2018/ഗതാ. തീയതി 30/09/2018

<u>ഉത്തരവ്</u>

പരാമർശം 4-ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 4 (v) - ൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2)ചെക്ക്പോസ്റ്റിൽ നിയമിക്കുന്നതിനായി ഉദ്യോഗസ്ഥരുടെ സമ്മതപത്രം വാങ്ങിയ ശേഷം മേഖല അടിസ്ഥാനത്തിൽ സീനിയോറിറ്റി റൊട്ടേഷൻ നിശ്ചയിച്ച് നിയമനം നടത്തേണ്ടതാണ്. മേഖലയിൽ സന്നദ്ധതയുള്ള ഉദ്യോഗസ്ഥർ ഇല്ലെങ്കിൽ/കുറവാണെങ്കിൽ സീനിയോറിറ്റി ക്രമപ്രകാരം അടിസ്ഥാനത്തിൽ അവരെ നിയമിക്കേണ്ടതാണ്. എന്നാൽ, സർക്കാർ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ അസുഖമുള്ളവർ, സർക്കാർ അനുമതിയോടെ സർക്കാർ / എയിഡഡ്/ യൂണിവേഴ്സിറ്റി അംഗീകരിച്ച സ്ഥാപനങ്ങളിൽ വിദ്യാഭ്യാസം ചെയ്യുന്നവർ എന്നിവരെ ഒഴിവാക്കുന്നത് ഗതാഗത കമ്മിഷണർ പരിഗണിക്കേണ്ടതാണ്. അച്ചടക്ക നടപടിയുടെ ഭാഗമായി വിലക്കുള്ളവരെയും എൻഫോഴ്സ്മെന്റ് വിഭാഗത്തിലുള്ളവർ എന്നിവരെയും ചെക്ക് പോസ്റ്റ് നിയമനത്തിന് പരിഗണിക്കാൻ പാടില്ലാത്തതാണ് . ഒരുതവണ ഡ്യൂട്ടി ചെയ്യുവർക്ക് തുടർച്ചയായി ഡ്യൂട്ടി നല്കാൻ പാടില്ല. അവരെ പരിഗണിക്കുന്നത് ആ സോണിലുള്ള അതേ തസ്ഥികയിലെ മറ്റ് എല്ലാ ജീവനക്കാരെയും പരിഗണിച്ച ശേഷമായിരിക്കേണ്ടതാണ്. താൽക്കാലിക ഒഴിവുകൾ നികത്തുന്ന അവസരത്തിൽ കുറഞ്ഞകാലം ചെക്ക് പോസ്റ്റ് ഡ്യൂട്ടിയുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ചെക് പോസ്റ്റ് ഏര്യയിലെ , ആർ.ടി.ഒ ക്രമീകരണം നടത്തേണ്ടതാണ്.

3)ചെക്ക് പോസ്റ്റുകളിലെ സോണൽ വൈസ് സീനിയോറിറ്റി പ്രകാരം നിയമനം നടത്തുമ്പോൾ താഴെ പറയുന്ന രീതിയിൽ സീനിയോറിറ്റി ക്രമീകരിക്കേണ്ടതാണ് . ജീവനക്കാരുടെ സീനിയോറിറ്റി ക്രമപ്രകാരം താഴെ പറയുന്ന ചെക്ക് പോസ്റ്റുകളിൽ നിയമിക്കേണ്ടതാണ് .

File No.TRANS-C1/105/2018-TRANS

(i)സെൻട്രൽ സോണിൽ ആദ്യ സീനിയർമാരെ പാലക്കാട് ഇൻ തുടർന്ന് സീനിയോറിറ്റി മറികടക്കാതെ പാലക്കാട് ഔട്ട് , ഗോവിന്ദാപുരം, ഗോപാലപുരം , മീനാക്ഷിപുരം , വഴിക്കടവ് , നടുപ്പുണി , വേലന്താവളം എന്നിങ്ങനെ നിയമിക്കേണ്ടതാണ്.

(ii) നോർത്ത് സോണിൽ ഏറ്റവും സീനിയർ ആയവരെ മഞ്ചേശ്വരത്തും തുടർന്ന് സീനിയോറിറ്റി മറികടക്കാതെ നീലേശ്വരം , മുത്തങ്ങ , പെർള , കാട്ടിക്കുളം എന്നിങ്ങനെ നിയമിക്കേണ്ടതാണ് .

(iii) സൗത്ത് സോണിൽ ഏറ്റവും സീനിയർ ആയവരെ അമരവിള ഇൻ തുടർന്ന് സീനിയോറിറ്റി മറികടക്കാതെ അമരവിള ഔട്ട് , ആര്യങ്കാവ് , പുനലൂർ , എന്നിങ്ങനെ നിയമിക്കേണ്ടതാണ് .

4)ചെക്ക് പോസ്റ്റ് ഡ്യൂട്ടിയിലുള്ളവരുടെ കൺട്രോളിങ് ഓഫീസർ അതാത് ചെക്ക് പോസ്റ്റിന്റെ അധികാര പരിധിയുള്ള റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ ആയിരിക്കുന്നതാണ് . ജീവനക്കാർ കൃത്യമായും ഡ്യൂട്ടി ചെയ്യുന്നു എന്ന് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. എല്ലാ ചെക്ക് പോസ്റ്റുകളിലും ആവശ്യമായ എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതാണ്. ചെക് പോസ്റ്റ് ഡ്യൂട്ടിയിലുള്ള മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർക്കായിരിക്കും രജിസ്റ്ററുകളുടെ ചുമതല . രജിസ്റ്ററുകളിൽ എല്ലാ എൻട്രിയും ഉണ്ടെന്നു ഉറപ്പുവരുത്തി മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ അതാത് ദിവസങ്ങളിൽ രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിരിക്കണം .

5)ചെക്ക് പോസ്റ്റിലെ രജിസ്റ്ററും കണക്കും മൂന്നു മാസത്തിൽ ഒരിക്കൽ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഡിറ്റ് ചെയ്യേണ്ടതാണ് . ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം കാണുന്ന എല്ലാ വീഴ്ചകൾക്കും ഉത്തരവാദികൾ അതാത് കാലത്ത് ചെക്ക് പോസ്റ്റുകളിൽ ജോലി നോക്കിയിരുന്ന മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ /അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ മാരായിരിക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.ആർ.ജ്യോതിലാല്
പ്രിന്സിപ്പല് സെക്രട്ടറി

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ്
കരുതൽ ഫയൽ
പകർപ്പ് ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ

17 JAN 2020

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം - പരിഷ്ക്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട ഭേദഗതി- പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത (സി) വകുപ്പ്

**സ.ഉ.(കൈ) നം.50/2019/ഗതാഗതം തീയതി,തിരുവനന്തപുരം, 20/12/2019**

പരാമർശം:- 1 സ.ഉ (പി)നം.3/2017/ഉ.ഭ.പ.വ. തീയതി 25/02/2017

2 24/8/2012-ലെ നം.8/12, 3/7/13 ലെ നം.17/2013, 4/2/17 ലെ നം.03/17, 23/5/17 ലെ നം.12/2017 ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലറുകൾ

3 സ.ഉ (എം.എസ്) നം.79/2017/ഗതാ. തീയതി 10/10/2017

4 സ.ഉ (എം.എസ്) നം.59/2018/ഗതാ. തീയതി 30/09/2018

5 സ.ഉ (എം.എസ്) നം.25/2019/ഗതാ. തീയതി 07/05/2019

6 ഗതാഗതകമ്മീഷണറുടെ 01/10/2019ലെ എ3/318/2019/റ്റിസി നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം (5)-ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 3 (ii) - ൽ താഴെ പറയുന്ന ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) നോർത്ത് സോണിൽ ഏറ്റവും സീനിയർ ആയവരെ മഞ്ചേശ്വരത്തും തുടർന്ന് സീനിയോറിറ്റി മറികടക്കാതെ നീലേശ്വരം, മുത്തങ്ങ, പെർള, കാട്ടിക്കുളം, ഇരിട്ടി എന്നിങ്ങനെ നിയമിക്കേണ്ടതാണ് .

3) പരാമർശം (5) സർക്കാർ ഉത്തരവിലെ മറ്റു ഭാഗങ്ങൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
പ്രിന്സിപ്പല് സെക്രട്ടറി

പകർപ്പ്
ഗതാഗത കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ്
കരുതൽ ഫയൽ
പകർപ്പ്: ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

A3/318/2019-TC dated 12-02-2020
Copy forwarded to all DTCs and RTOs for information and necessary action

For Transport Commissioner